**ദേശീയ ഗ്യാലറി , ആസ്ട്രേലിയ , കാൻബറയിൽ നിന്നും മൂന്നു പ്രാചീന വസ്തുക്കൾ തിരികെ നല്കിയതുമായി ബന്ധപ്പെട്ട പത്രക്കുറിപ്പ്**

കഴിഞ്ഞ കുറെ വർഷങ്ങളായി രാജ്യത്തിന് പുറത്തേക്ക് നിയമവിരുദ്ധമായ കയറ്റുമതി ചെയ്യപ്പെട്ട ഇന്ത്യയുടെ സാംസക്കാരിക സ്വത്തുക്കൾ, യുഎസ്എ, യു കെ , ആസ്ട്രേലിയ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഉള്ളതായി അറിയാൻ സാധിച്ചു . ഇത്തരം കലാ മൂർത്തികൾ , ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽ ഇത് വന്നപ്പോൾ ഉടനെ തന്നെ ഇവ തിരികെ എത്തിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി . എന്നിരുന്നാലും ഈ പ്രക്രിയ അടുത്ത കാലത്തായി കൂടുതൽ വേഗത്തിലായത് പ്രധാനമന്ത്രിയുടെയും സാംസ്ക്കാരിക വകുപ്പ് മന്ത്രിയുടെയും ശ്രമഫലത്താലാണ്

ഇന്ത്യയിലുണ്ടാക്കിയ നിയമവിരുദ്ധമായി കയറ്റിയയക്കപ്പെട്ട ചില വസ്തുക്കൾ കൈവശമുള്ള കാൻബറയിലെ ആസ്ട്രേലിയ നാഷണൽ ഗാലറി, അവ ഇന്ത്യക്ക് തിരികെ നൽകുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു . ഈ വസ്തുക്കൾ പരിശോധിക്കുവാനായി ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ഒരു സംഘം പുരാവസ്തു ഗവേഷകർ നാഷണൽ ഗാലറി ആസ്ട്രേലിയ സെപ്തംബർ 12-13 , 2015, തീയതികളിൽ സന്ദർശിച്ചു , സംഘം രണ്ടു വസ്തുക്കൾ പരിശോധിച്ചു, അതായത് , കല്ലിൽ കൊത്തിയ , തമിഴ്നാട്ടിൽ നിന്നുള്ള പ്രത്യാങ്കിറ മൂർത്തി, ആന്ധ്രാപ്രദേശിൽ നിന്നും മാർബിൾ ശിലയിൽ കൊത്തിയ ബുദ്ധ അനുയായികളുടെ ശിൽപ്പവും . രണ്ടു വസ്തുക്കളും യഥാർത്ഥമായതെന്നു കണ്ടെത്തി. ജനുവരി 2016 ൽ ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ഒരു സംഘം നടത്തിയ പരിശോധനയിൽ മധുര മേഖലയിൽ നിന്നുമുള്ള കല്ലിൽ കൊത്തിയ ബുദ്ധ ഫലകവും യഥാർത്ഥമായതെന്ന് മനസ്സിലായി .

കാൻബറയിലെ ഇന്ത്യൻ ഹൈകമ്മീഷണറുമായുള്ള ചർച്ചയിലൂടെ ഈ വസ്തുക്കളുടെ കൈമാറ്റ പ്രക്രിയ നടന്നത് . അതിനു ശേഷം സെപ്തംബർ 19, 2016 നു കാൻബറ നാഷണൽ ആർട്ട് ഗാലറിയിൽ നടന്ന പ്രത്യാനയിക്കൽ ചടങ്ങിൽ , ഈ മൂന്നു വസ്തുക്കളും നാഷണൽ ഗാലറി ആസ്ട്രേലിയ, കാൻബറ, കേന്ദ്ര സാംസ്ക്കാരിക മന്ത്രിക്ക് കൈമാറി . ഈ മൂന്നു വസ്തുക്കളും ഒടുവിൽ ഡിസംബർ 07, 2016 നു ഇന്ത്യയിൽ തിരിച്ചെത്തി, ഇപ്പോൾ ഇവ ന്യൂഡെൽഹിയിലെ

പുരാന കിലയിലെ സെൻട്രൽ ആന്റികിറ്റീസ് കളക്ഷനിൽ സൂക്ഷിച്ചിരിക്കുകയാണ്

ന്യൂഡെൽഹിയിലെ ദേശീയ മ്യൂസിയത്തിൽ ഈ മൂന്നു വസ്തുക്കളും പ്രദർശിപ്പിക്കുവാൻ കേന്ദ്ര സാംസ്ക്കാരിക മന്ത്രാലയം തീരുമാനിച്ചു . തമിഴ്നാട് പോലീസിന്റെ വിഗ്രഹാ വിഭാഗത്തിലെ ഒരു കേസ് വസ്തുവാണ് പ്രത്യാങ്കിറ ശില്പം . അതിനാൽ അത് ദേശീയ മ്യൂസിയത്തിൽ താത്ക്കാലിക പ്രദർശനത്തിന് ശേഷം അവർക്കിത് കൈമാറും

നിയമവിരുദ്ധമായി കയറ്റി അയക്കപ്പെടുന്ന പുരാ വസ്തുക്കളുടെ കാര്യം നിരവധി രാജ്യങ്ങളിലായിട്ടുള്ള തങ്ങളുടെ ദൌത്യസംഘങ്ങൾ വഴി ഗവൺമെന്റ് ഓഫ് ഇന്ത്യ നിരീക്ഷിക്കുന്നുണ്ട് . നഷ്ടപ്പെട്ട സാംസ്ക്കാരിക വസ്തുക്കൾ അതിന്റെ യഥാർത്ഥ ഇടത്തേക്കു തിരികെ കൊണ്ടുവരാനായി ഇത്തരം ശ്രമങ്ങളിലൂടെ സാധിക്കുമെന്ന് ഇന്ത്യാ ഗവൺമെന്റ് കരുതുന്നു

തിരികെ ലഭിച്ച മൂന്നു മൂർത്തികളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു :-

1. മധുര മേഖലയിൽ നിന്നുള്ള ഇരിക്കുന്ന ബുദ്ധശിൽപ്പം

ഈ ശിൽപ്പം ചുവന്ന സാൻഡ് സ്റ്റോണിൽ ആണ് നിർമിച്ചിരിക്കുന്നത് , ഇത് മധുര മേഖലയിലെ പ്രത്യേകതയാണ് . അഭയമുദ്രയിൽ ഇരിക്കുന്ന ബുദ്ധനാണ് ഈ ശിൽപ്പം . തലയുടെ പിന്നിലെ പ്രകാശവലയം, വലത്തെ കൈപ്പത്തി, വലത്തെ തോൾ എന്നിവ കുറച്ചു തകർന്നതൊഴിച്ചാൽ ശിൽപ്പം പൂർണമാണ് . പദ്മാസനത്തിൽ ഇരിക്കുന്ന ബുദ്ധൻ ഏകാൻശിഖ സംഘാടി ധരിച്ചിട്ടുണ്ട്, ഊർണം, നീളമുള്ള കാത് , ഉഷ്ണീഷം, മുഖത്ത് ധ്യാനഭാവം , എഡി ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാൽഭാഗത്ത്, ആദ്യകാല കുശാന കാലഘട്ടത്തിൽ ആണ് ഇത് നിർമിക്കപ്പെട്ടതെന്നു കരുതുന്നു

2. അമരാവതി മേഖലയിൽ നിന്നുമുള്ള ബുദ്ധ ഫലകം

സ്തൂപത്തെ അലങ്കരിക്കുന്ന ഈ പുരാവസ്തു ( ഒരു പക്ഷേ ഒരു ഡ്രം സ്ലാബ് ആകാം ) ലൈം സ്റ്റോണിൽ തീർത്തതാണ് . 96.5 x 106.7x 12.7 സെ.മീ അളവ്. ഫലകത്തിൽ കൊത്തിയിരിക്കുന്നത് ഒരു സിംഹാസനത്തിൽ വച്ചിട്ടുള്ള ബുദ്ധ അടയാളം ( ഒരു പക്ഷേ ചൈത്യ വൃക്ഷ ആകാം, ശരിയായി കാണുവാൻ ബുദ്ധിമുട്ടുണ്ട്, കാരണം മുകൾ ഭാഗം പൊട്ടിയിരിക്കുന്നതിനാൽ ), അതിനു താഴെ ബുദ്ധപാദങ്ങൾ കാണാം.

നടുവിലെ വസ്തുവിനു വശങ്ങളിൽ ദമ്പതിമാരായ ഭക്തർ ആണ് നിൽക്കുന്നത്. ഇരു ഭാഗങ്ങളിലും ആദ്യം പുരുഷ ഭക്തനും പിന്നെ സ്ത്രീ ഭക്തയും ആണ് നിൽക്കുന്നത് .അവരുടെ കൈകളിൽ ഉള്ളത് വഴിപാടായി നൽകാനുള്ള പൂമാലകളും പൂപ്പാത്രങ്ങളും ആകാനാണ് കൂടുതൽ സാധ്യതയെന്ന് കരുതപ്പെടുന്നു . ആന്ധ്രാ ശിൽപകലാ രീതിക്ക് ഉത്തമ ഉദാഹരണമാണ് ഈ ശിൽപ്പം, ഇത് ആ മേഖലയിലെ ശതവാഹന ഭരണകാലത്ത് , പതിമൂന്നാം നൂറ്റാണ്ടിൽ ഉള്ളതെന്ന് കരുതപ്പെടുന്നു .

ആന്ധ്രാപ്രദേശിലെ ( പ്രകാശം ജില്ല ) ചന്ദ്രവാരത്തിലെ ഒരു ബുദ്ധ സ്തൂപത്തിന്റെ ഖനനം നടന്നു കൊണ്ടിരിക്കവേ 1970 ൽ ആണ് ഇത് കുഴിച്ചെടുക്കപ്പെട്ടത് .

3. തമിഴ്നാട്ടിൽ നിന്നും പ്രത്യാങ്കിറ ചിത്രം

125.1x 55.9x 30.5 സെമി അളവുകൾ ഉള്ള ഈ ചിത്രം ചാര നിറമുള്ള ഗ്രാനൈറ്റ് കല്ലിൽ ആണ് നിർമിച്ചിരിക്കുന്നത് . അരിയപ്പെട്ട ഇടത് കൈ ഒഴിച്ചാൽ ഈ ചിത്രം പൂർണമാണ് . ഈ മൂർത്തി താന്ത്രിക മൂർത്തിയാണ്, നരസിംഹ മൂർത്തിയുടെ സ്ത്രീ ഭാവമായ നരസിംഹിയുടെ മൂർത്തി . സാധനമലയിലും ഇവരെ ആവാഹിച്ചിട്ടുണ്ട്. അലറുന്ന കുപിതനായ സിംഹത്തിന്റെ മുഖമാണിവർക്ക് പക്ഷേ ശരീരം സ്ത്രീയുടെയും . അവരുടെ തലയിൽ നിന്നും അഗ്നിനാളങ്ങൾ വരുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് . ഈ ശില്പം ചോള കലയുടെ ഉത്തമ ഉദാഹരണമാണ് . ഏകദേശം പതിമൂന്നാം നൂറ്റാണ്ടിലാണ് ഇത് നിർമിച്ചിരിക്കുന്നത് . മോഷ്ടിക്കപ്പെടും മുന്നേ ചെന്നൈയിലെ വൃദ്ധാചലം ക്ഷേത്രത്തിൽ പൂജിച്ചിരുന്നതായിരുന്നു മൂർത്തി ..